
ജ്യോതിർഗമയ...



*Light a candle for Peace..*

*Light a candle for Love...*

*Light a candle that Shines..*

*all away around the world*

*Light a candle for Me..*

*Light a candle for You..*

*That our wish for world peace*

*Will one day come true,.....*

ജ്യോതിർ ഗമയ.......



Our Principal : Sri. RENNY GEORGE




Our Head Master : Sri. V V VINOD




# GOVT. HIGHER SECONDARY SCHOOL, POONOOR

*(A model school of district panchayath)*

**MANGAD P O, UNNIKULAM -673 574**

**BALUSSERY SUB DIST. THAMARASSERY EDN.DIST**

**EMAIL: ghsspunur@gmail.com**

**Www.facebook.com/ghspoonoor**



# നൂറിന്റെ നിറവിൽ അഭിമാനപൂർവ്വം!!!






വർത്തമാനത്തിന്റെ ഇരുട്ട് വ്യാപിക്കും മുൻപേ
വഴിയിൽ ഒരു മൺചിരാതെങ്കിലും
കൊളുത്തി വെച്ചേ മതിയാവൂ....
അന്ധകാരം പേടിപ്പെടുത്തുന്നതാവാം....
എങ്കിലും പിൻതിരിയുക സാധ്യമല്ല!!!
അന്ധകാരത്തെ കീറി മുറിക്കാൻ
വെളിച്ചത്തിനേ കഴിയൂ....
ഇരുട്ടിനെ ഇല്ലാതാക്കാൻ, ഇരുട്ടിലും വഴികാട്ടാൻ
കരുത്തുള്ള ഗുരുക്കന്മാരുടെ പിൻതുണയിൽ
ഞങ്ങൾ ഒരു ചെരാത് കൊളുത്താൻ ഒരുങ്ങുകയാണ്...
തെറ്റുകളും കുറവുകളും ഉണ്ടായേക്കാം...
സദയം തിരുത്തിത്തരണം, പുതുവഴികൾ കാട്ടിത്തരണം...
സമർപ്പിക്കുന്ന നിങ്ങളുടെ വ്യത്യസ്ത വായനകൾക്ക്....
വെളിച്ചത്തിന്റെ വെളിച്ചം കെട്ടുപോകാതിരിക്കാൻ,,,,
വെളിച്ചത്തിലേക്കൊരു സഞ്ചാരം...

## ജ്യോതിർഗമയ.......

ഇതിനായി സഹായിച്ച എന്റെ പ്രിയ കൂട്ടുകാരുടെ സ്നേഹം...
അധ്യാപകരുടെ തിരുത്തലുകളും നിർദ്ദേശങ്ങളും...
എല്ലാം പരമാവധി ഉൾകൊണ്ട് പരിമിതമായ സമയത്തിനുള്ളിൽ
കുറ്റമറ്റതാക്കാൻ ശ്രമിച്ചിട്ടുണ്ട് എന്ന വിശ്വാസത്തോടെ....

**സ്റ്റുഡന്റ് എഡിറ്റർ**





# Editorialboard

Chief Editor : Ansha K

**Members**

Shahin Arif

Muhammed Fousan

Ameer Ali

muhammed Sinan

Shamniya Sherin

Fathima Sherin

Muhammed Shadil

Staff Editor: Reeshna C K

Staff Advisor: Sirajudheen P T

Jafar Sadique A P

## അകത്ത്....


*സുമംഗലീ ഭവ*

*ഇനിയൊരു പ്രളയം വേണ്ട*

*തൊട്ടാവാടി*

**NATURAL DISASTERS -*CAUSES AND EFFECTS***

**SUN RISE**

**MAN MADE HAZARDS**

***GOD WILL HELP US***

***മഴ തോരാതെ***

***RIDDLES***

പി എൻ പണിക്കർ

മഴ

മഴയുടെ ചുംബനം

Song of nature

Explored Days: Can you come back

ഏകാന്തത

കഥകളി

TARQUIN THE WONDER HORSE

PRIDE AND PREJUDICE

പടുത്തുയർത്താം നവകേരളം

THE BOND BETWEEN MAN AND THE NATURE

മനുഷ്യന്റെ മനസ്സ്


Nature: human soul

Childhood memories

A memorable Gift

# സുമംഗലീ ഭവ

കവിത



യാത്രയാകുന്നു നീ സഖീ
ഇന്നീ വീഥിയിൽ ഞാൻ
ഏകനായിടുന്നു.
വാദ്യമേളങ്ങളും തീർന്നു
പുരുഷാരം പതിയെ ഒഴിഞ്ഞിടുന്നു
കരിമുകിൽ കൊണ്ടൊരു
കോട്ട തീർത്തു
അതിൽ വിരഹദുഃഖത്തോടെ
ഞാനിരുന്നു
അകലെയാണു പ്രിയേ നീ
എങ്കിലും ഹൃദത്തുടിപ്പുപോൽ
ഓർമ്മകൾ എന്നിൽ
നിന്റെ കൊലുസിന്റെ നാദത്തിനപ്പുറം
മറ്റൊരു നാദമില്ലെന്റെ ലോകത്തിൽ
അന്നൊരുനാൾ നമ്മൾ തിന്നു-
രസിച്ചൊരാമാമ്പഴം പോലെ
പുളിക്കുന്നു ഓർമ്മകൾ
മാമരവും ഇല്ല ആമ്പൽക്കുളവും
നീയും ഇല്ലിന്നെന്റെ കൂടെ നിൽക്കാൻ
അക്കഥയൊക്കെ പഴങ്കഥയായി
അക്കഥയൊക്കെ എന്നിൽ മാത്രം
പൂക്കളെ ഒക്കെ ചുംബിച്ചിട്ട്
പൂത്തുമ്പി മറഞ്ഞു ചക്രവാളത്തിൽ
എന്നെ ഒത്തിരി പുണർന്നിട്ട്
നീയും മറഞ്ഞു അകലത്തേക്ക് തോഴീ

**അരുന്ധതി.കെ നിജിൽ**

# ഇനിയൊരു പ്രളയം വേണ്ട

കേരളം.നിത്യമനോഹരമായ ദൈവത്തിന്റെ സ്വന്തം നാട്. സന്തോഷം കാറ്റിൽ വിതുമ്പുന്ന ഈ കേരളം കേരവൃക്ഷങ്ങളുടെയും പൂക്കളുടെയും നിറകുടമാണ്. പരസ്പരം സ്നേഹത്തോടെയും സഹകരണത്തോടെയും ഒരുമിച്ച് ജീവിക്കുന്ന മനുഷ്യർ. നദികൾ താളത്തിൽ കൊഞ്ചിക്കുഴയുന്ന ഈ നാടിന്റെ മനോഹാരിത വാക്കുകളിലൊതുങ്ങുന്നതല്ല. സത്യവും നീതിയും തുല്യത പാലിക്കുന്ന ഈ നാട് ഇന്നൊരു ദുരിതത്താൽ ഏറെ മാറിയിരിക്കുന്നു. ഇതുവരെ കേരളത്തിൽ സംഭവിക്കാത്ത പ്രളയദുരിതം ആദ്യമായി കേരലത്തിൽ സംഭവിച്ചു. ഒരുപാട് ജീവനുകൾ, ഒരുപാട് വാസസ്ഥലങ്ങൾ, ഒരുപാട് പ്രകൃതിവസ്തുക്കൾ എല്ലാം നശിച്ചുപോയി.

എല്ലാ സ്ഥലത്തും വെള്ളം കെട്ടിക്കിടക്കുന്നു. നദികൾ വഴിമാറിയൊഴുകി, മലകളും കുന്നുകളും ഇടിഞ്ഞു, ഒരുപാട് ജീവിതങ്ങൾ മണ്ണിനടിയിലായി, വീടുകൾ തകർന്നു ഇങ്ങനെയെത്രയെത്ര ദുരിതങ്ങളാണ് പ്രളയം കൊണ്ടുവന്നത്. ഐശ്വര്യം തുളുമ്പുന്ന ഈ നാടിനെ ജീവനില്ലാതാക്കിയാണ് പ്രളയം കടന്നുപോയത്. എല്ലാം നശിപ്പിച്ചു. എല്ലാ ഇടങ്ങളിലും മാലിന്യങ്ങൾ നിറഞ്ഞു. ഓരോരുത്തർക്കും അവരുടെ കുടുംബങ്ങൾ നഷ്ടപ്പെട്ടു.

പക്ഷെ, അവിടെയും കേരളീയർ ഒറ്റക്കെട്ടായി നിന്നു. ഒന്നാണ് ഞങ്ങൾ എന്ന മഹത്വം അവർക്കിടയിൽ ഉയർന്നു. കേരളീയർ മുഖംതിരിച്ചപ്പോഴും അവരുടെ ഈ ദുരിതത്തിൽ അവരെ രക്ഷിക്കാൻ എത്തിയത് മത്സ്യത്തൊഴിലാളികളായിരുന്നു. കടലിൽ മീൻപിടിച്ചും ജീവിതം പച്ചപിടിക്കാൻ കഷ്ടപ്പെടുന്ന അവർ അവരുടെ ജീവനുപോലും വിലനൽകാതെ സ്വയം അപകടത്തിൽപ്പെട്ടവരെ രക്ഷിക്കാൻ മുന്നോട്ടു വന്നു. വെള്ളത്തിൽ അകപ്പെട്ടവരെ അവർ ബോട്ടുകലിലാക്കി രക്ഷിച്ചു. എല്ലാ സ്ഥലത്തും എത്തിച്ചേർന്ന് സ്വന്തം ജീവനെപ്പോലും മാനിക്കാതെ ഒരാളെ വിടാതെ സുരക്ഷിതസ്ഥാനങ്ങളിൽ എത്തിച്ചു. കേരളീയർ പരസ്പരം ദുരിതത്തിൽപ്പെട്ടവരെ സഹായിച്ചു. അവർക്കുവേണ്ട സൗകര്യങ്ങളും എല്ലാം ഏർപ്പെടുത്തിക്കൊടുത്തു. വിദ്യാലയങ്ങളിൽ ദിരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. ക്ലാസുകളിൽ ഒരു കുടുംബം പോലെ എല്ലാവരും താമസിച്ചു. ദുരിതാശ്വാസ നിധികളിലേക്കുള്ള

ശേഖരണം കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിൽനിന്നും തുടങ്ങി. കേരളീയർ ഈ പ്രളയ ദുരിതത്തെ അതിജീവിച്ചു.

പക്ഷെ, അവിടെ ഒരു ചോദ്യം ഉയരുകയാണ്. പ്രളയം എന്ന ദുരിതത്തിന് കാരണക്കാർ ആര് ? മനുഷ്യർ തന്നെ. ചിന്തിക്കുന്ന മൃഗം എന്നും ഹോമോസാപ്പിയൻസ് എന്ന വിശേഷിപ്പിക്കുന്ന മനുഷ്യർ തന്നെയാണ് ഇതിന്റെ ഒരേയൊരു ഉത്തരവാദി. മനുഷ്യൻ പ്രകൃതിക്കുമേൽ ഉണ്ടാക്കുന്ന ക്ഷതങ്ങളാണ് ഇതിനെല്ലാം കാരണം. മനുഷ്യൻ മരം മുറിക്കുകയും, വയലുകൾ നികത്തുകയും, നദികളിൽനിന്ന് മണ്ണുവാരുകയും എന്നുവേണ്ട എല്ലാം ചെയ്ത് മനുഷ്യൻ പ്രകൃതിയെന്ന സൗന്ദര്യത്തെ നശിപ്പിക്കുന്നു. മരം മുറിക്കുമ്പോൾ മണ്ണിന്റെ ഉറപ്പ് നഷ്ടപ്പെടുന്നു. അങ്ങനെ മേൽമണ്ണ് ഇടിഞ്ഞാണ് മണ്ണിടിച്ചിൽ ഉണ്ടാകുന്നത്. വയൽ കൃഷിക്കുള്ള സ്ഥലം മാത്രമല്ല വെള്ളം സംഭരിക്കുന്ന ഒരു സ്ഥലം കൂടിയാണ്. വയലുകൾ നശിപ്പിച്ചാൽ വെള്ളത്തിന് നിൽക്കാൻ സ്ഥലമുണ്ടാകില്ല. ഉള്ള നദികളും ഒഴുകേണ്ട വഴികളും മനുഷ്യനാൽ നശിപ്പിക്കപ്പെട്ടു. അങ്ങനെ ആ വെള്ളം വഴിമാറിയൊഴുകുന്നു. അങ്ങനെ മഹാപ്രളയം രൂപംകൊള്ളുന്നു. മനുഷ്യൻ മാത്രമാണ് ഇതിന് കാരണക്കാരൻ. മനുഷ്യൻ പ്രകൃതിയെ ഉപദ്രവിക്കുന്നതിനും പരിധിയില്ലേ. എല്ലാ പരിധിയും ലംഘിക്കുമ്പോൾ പ്രകൃതിയും തിരിച്ചടിക്കുന്നു. ചെയ്ത ഉപദ്രവങ്ങൾക്ക് കണക്കുചോദിക്കും. അതിൽ രൂപംകൊള്ളുന്ന പ്രളയമാണ് പ്രകൃതിയുടെ തിരിച്ചടി. എന്തിനാണ് ഈ മനുഷ്യൻ സ്വന്തം തന്റെ സംരക്ഷണവലയത്തെ നശിപ്പിക്കുന്നത്? പ്രകൃതിയുള്ളതുകൊണ്ട് മനുഷ്യൻ ജീവിക്കുന്നത് പ്രകൃതിയുടെ പൂർവ്വനാശം സംഭവിച്ചാൽ മനുഷ്യനേയും അത് ബാധിക്കുമെന്നതിൽ സംശയമില്ല. പ്രകൃതി നമ്മുടെ മാതാവാണ്. ഒരു മാതാവ് സ്വന്തം കുഞ്ഞിനെ പരിപാലിക്കുന്നത് പോലെയാണ് പ്രകതിയും നമ്മെ പരിപാലിക്കുന്നത്. നമ്മുക്കുവേണ്ട എല്ലാ സൗകര്യങ്ങളും പ്രകൃതി ഭൂമിയിൽ ഒരുക്കിത്തരുന്നു. നമുക്കുവേണ്ട ജീവവായുവും തണലും എല്ലാം പ്രകൃതി തരുന്നു. എന്തിന് നമ്മുടെ വിശപ്പും ദാഹവും മാറ്റുന്നതും പ്രകൃതിയാണ്. ഈ പരിപാലനത്തിന് പ്രകൃതി നമ്മോടൊന്നും ചോദിക്കുന്നില്ല. എന്നാൽ നാം നമ്മുടെ പരമാവധി പ്രകൃതിയെ നശിപ്പിക്കുന്നു. പ്രകൃതിയെന്ന സത്യത്ത നാം മറന്നുകൊണ്ടിരിക്കുന്നു. ഓരോ ദിവസവും നമ്മുടെ പ്രകൃതി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

നമ്മൾ മനുഷ്യർ തന്നെ ഇതിനൊരു പരിഹാരം ഉണ്ടാക്കണം.പ്രകൃതിയെ സംരക്ഷിക്കേണ്ടത് മനുഷ്യരുടെ കടമയാണ്. പ്രകൃതിയെ

സംരക്ഷിക്കുന്നത് ജീവൻ രക്ഷിക്കുന്നതിന് സമമാണ്.അമ്മയെന്ന ഈ പ്രകൃതകിയാണ് മനുഷ്യരുടെ ജീവിതത്തിന്നാധാരം. വായുവില്ലെങ്കിൽ മനുഷ്യന്റെ ജീവിതം അസാധ്യമാണ്. ഈ വായു പ്രകൃതിയുടെ ദാനമാണ്. കേരളത്തിൽ ആവർത്തിക്കുന്ന പ്രളയദുരിതം മനുഷ്യരുടെ കർമ്മത്തിന്റെ ഫലമാണ്. പ്രളയം കൊണ്ടിപോയത് കേരലത്തിന്റെ ജീവൻ തന്നെയാണ്. പ്രളയത്തിൽ നഷ്ടപ്പെട്ടുപോയ ജീവിതങ്ങൾ ഇനിയും കേരളത്തിൽ ബാക്കിയാണ്. ഇനിയൊരു പ്രളയം കേരളത്തിന്നുവേണ്ട. അതിനായി പ്രകൃതിയെ സംരക്ഷിക്കണം. സംരക്ഷിച്ചില്ലെങ്കിലും ഉപദ്രവിക്കരുത്. പ്രകൃതിസംരക്ഷണം ഈ കേരളത്തിന് അനിവാര്യമാണ്. അതുകൊണ്ട് ഈ പ്രകൃതി കേരളത്തിന്റെ ജീവനായിക്കരുതി സംരക്ഷിക്കുക. ഇനിയൊരു പ്രളയം കേരളത്തിനു വേണ്ട.

**-നിരഞ്ജന ലക്ഷ്മി . കെ**

***8 A***

# *തൊട്ടാവാടി*

**തൊട്ടാവാടിച്ചെടി നിന്നോടൊപ്പം**

**കളിക്കാൻ ഞാനില്ല,**

**എന്താണില്ലാത്തെ?**

**എന്നെ കുത്തി നോവിക്കില്ലേ?**

**തൊട്ടാവാടിച്ചെടി നിന്നെ**

**തൊട്ടുവാൻ ഞാനില്ല**

**എന്താണെന്താണില്ലാത്തെ?**

**നിന്നെ തൊട്ടാൽ നീ പിണങ്ങില്ലെ....**


***ഫാത്തിമാ നൗറിൻ VIII.G***

# NATURAL DISASTERS -

## CAUSES AND EFFECTS

**Natural disasters as we all know are the consequence of events trigged by natural hazards that over when local response capacity and seriously affect the social and economic development of a region. There is basically no human control over the natural disasters. We can't stop these natural disaster but, what is in our hands – is to be prepared for these, also there are a lot of ways through which we can minimize damage caused due to these natural disasters. Traditionally, natural disasters have been seen as situations that create challenges and problems mainly of a humanitarian nature. There is no way to prevent or avert these natural disasters. Through science do claim to have found the ways to predict this natural hazards.**

## SUN RISE



Sun rise a beautiful sight
is for me a source of delight
I feel light as if souring high
in the sky
Beautiful sight have a beautiful light
that have in our nature...

-Zainul Muzzammila

# MAN MADE HAZARDS

**Natural and man -made hazards include for instance drought desertification . Floods,fires,earthquake and depression of radio active gases in the atmosphere they have significant social environmental and economic i impact the JR C carried out extensive work to continuously monitor the solution access risk and potential impact fore cast future events as accurately as possible in order to help re vent these phenomena from happening or to limit their impact**

**The JR C carrier out research to support EU polices related to climate change sustainable management of nature resource water .Food security disaster risk reduction and response and action to prevent and fright forest fire.**

**The JR C provide the knowledge base that help countries and international partner pair**

**for and respond of nature and man-made disaster. An important part of this work is the development of method and tools monitor the situation access risk predict future development.**

## GOD WILL HELP US

God, when you chiseled a rain-
drop. How did you think of a stem
bearing a lovely statin leaf
to hold the tiny gem?

-Zainul Muzzammila

കഥ

# മഴ തോരാതെ

സമയം രണ്ട് മണി.അവൾ വീട്ടിൽ തനിച്ചായിരുന്നു.നീണ്ട ആലോചനയിൽ മുഴുകിയിരിക്കുകയാിരുന്നു,അവൾ.പെട്ടെന്ന് പുറത്ത് നിന്നൊരു വിളി ജെനി.ആലോചനയിൽ നിന്നുമവൾ ഉണർന്നു.വാതിൽ തുറന്നു കൊടുത്തു അവളുടെ അമ്മ നീ ഇവിടെ എന്തുചെയ്യുകയായിരുന്നു,പുറത്ത് മഴ പെയ്യുന്നതു കണ്ടില്ലേ?തുണികളെല്ലാം നനഞ്ഞു.ഹും!മാറിനിൽക്ക്.ആലോ ചനയിൽ മുഴുകിയ അവൾ മഴ പെയ്യുന്നത് അറിഞ്ഞില്ല.രാത്രി പ്രാർത്ഥനയും കഴിഞ്ഞ് അവൾ കിടക്കാനായി വന്നു.രാത്രിയുടെ ഏകാന്തതയിൽ പിന്നെയും മഴ ചന്നം പിന്നം പെയ്തു.രാവിലെ അമ്മയുടെ സംസാരം കേട്ടുകൊണ്ടായിരുന്നു അവൾ ഉണർന്നത്.ജെനിക്ക് എന്തു പറ്റി ഈയിടെ ആയി ഞാൻ അവളെ ശ്രദ്ധിക്കുന്നു പണ്ടത്തെപോലെ അവൾ ഒന്നിനും ഒരു താൽ പര്യം കാണിക്കുന്നില്ല.എന്തോ കാര്യമുണ്ട്.അവൾ ബാംഗ്ളൂരിൽ നിന്ന് വന്നപ്പോൾ തൊട്ട് ഞാൻ ശ്രദ്ധിക്കുന്നു.ഇനി പെണ്ണിന് ആരോടെങ്കിലും....അമ്മയുടെ വാക്കുകൾ പകുതി നിന്നു പോയി.എല്ലാം കേട്ടു കൊണ്ട് അവൾ അവിടെ നിൽ പ്പുണ്ടായിരുന്നു.അങ്ങനെയൊന്നുമില്ല ഡാഡി അവൾ പറഞ്ഞു. ഞാൻ ഇറങ്ങുന്നു, ഓഫീസിൽ പോകാൻ സമയമായി. എല്ലാം ഡാഡിയോട് തുറന്നു പറയാം അവൾ തീരുമാനിച്ചു. പക്ഷേ ഡാഡി ഇതറിഞ്ഞാൽ തകർന്നു പോകും. ഡാഡി ഇതറിഞ്ഞാൽ....?

ഓ ചിന്തിക്കാൻ വയ്യ കർത്താവേ.ഞാൻ ചീത്തയാണ്.പുറത്തൊരു കാറിന്റെ ശബ്ദം,ആരോ വന്നിരിക്കുന്നു.ജനിയുടെ വീട് ഇതല്ലേ?

അതേ കയറി വരൂ ആരാണ് ? ഓ ഞാൻ അവളുടെ ഫ്രണ്ടാണ്,ലീന.

ബാംഗ്ളൂരിൽ ഞങ്ങൾ ഒരുമിച്ചായിരുന്നു.ഓ ശരി അതിനു
അവിടെ നിന്ന്  വന്നതിൽ പിന്നെ അവൾ ഞങ്ങളോട്
മിണ്ടിയിട്ടില്ല.അവൾ ആ മുറിയിൽ ഇരിപ്പുണ്ട്.എടീ നീ എന്താ
ഇങ്ങനെ ഇരിക്കുന്നത്? ആ ലീന വാ ഇരിക്ക്.
എന്തു പറ്റി, അവൻ എന്നെ വിളിച്ചിരുന്നു. നീ
വീട്ടുകാരോടൊന്നും
പറഞ്ഞില്ലേ...ഓ എന്തു മഴയാണിത്.ജെനിക്ക് മഴ
പേടിയാണ്,രാത്രിയെ എനിക്കു പേടിയാണ്.വിമൽ എന്നെ...
എന്താ  ബാക്കി പറ  അവൻ നിന്നെ? വാ ചായ കുടിക്കാം.ആ
മമ്മി ഇപ്പോൾ വരാം. അതെ അവനെ കുറിച്ച് ഓർക്കാത്ത
രാത്രികൾ എനിക്കില്ലായിരുന്നു.എന്നും അവനെ
കുറിച്ചായിരുന്നു എന്റെ ചിന്ത.അന്ന് നിനക്ക് ഓർമ്മയില്ലേ ആ
മഴയുള്ള രാത്രിയിൽ ഞാൻ ഇങ്ങോട്ട് വരുന്നതിന്റെ രണ്ട്
ദിവസം മുൻമ്പ് ഞങ്ങൾ   ഡിന്നറും കഴിച്ച് വരികയായിരുന്നു.ആ
സമയത്ത് അവൻ എന്നെയും കൊണ്ട് റോഡിലിറങ്ങി,നല്ല
തകർത്തുപെയ്യുന്ന മഴയും.മഴയുടെ താലോടലിൽ ഞാൻ
അങ്ങനെ നിന്നു.വാ മതി അവൻ എന്നോട് കാറിൽ കയറാൻ
പറഞ്ഞു.ആ വരാം.എനിക്കെന്റെ തല ചുറ്റുന്നതായി
തോന്നി.വിമൽ എനിക്ക് വയ്യ.പിന്നെ കണ്ണുതുറന്നപ്പോൾ എന്റെ
മുൻമ്പിൽ ഡോക്ടർമാർ,എന്തു പറ്റി എനിക്ക്?അതു കുട്ടി
ഞങ്ങൾ നിന്നോട് എങ്ങനെയാണ് പറയുക.ജെനി,നീ
എന്താണീ പറയുന്നത്..എനിക്കൊന്നും
മനസ്സിലാവുന്നില്ല.അവനെന്നെ നശിപ്പിച്ചു.രാത്രിയുടെ
ഏകാന്തതയിൽ എല്ലാവരും സ്നേഹിക്കുന്ന മഴയിൽ
അവനെന്നെ...അവൾ ഉറക്കെ കരഞ്ഞു.നീ ഇത് ആരോടെങ്കിലും
പറഞ്ഞോ?ഇല്ല,പറഞ്ഞില്ല.എന്തുകൊണ്ട്
പറഞ്ഞില്ല.വേണ്ട,ഡാഡിയും മമ്മിയും ഇതറിഞ്ഞാൽ തകർന്നു
പോകും. ഡാഡി ഇതറിഞ്ഞാൽ....?എങ്കിൽ അടുത്ത മഴ വരും
മുൻമ്പ് ഞാൻ ഇറങ്ങട്ടെ.നീ ഇതൊന്നും അരോ ടും
പറയരുത്.ഇല്ല ഞാൻ അരോടും പറയില്ല. ശരി ബായ്..ആ മോളേ

ചായ കുടിച്ചിട്ട് പോകാം. വേണ്ട അൽപം തിരക്കുണ്ട്. മഴ തോരാതെ പെയ്തു.ഫോൺ ബെല്ലടിഞ്ഞു.ഹലോ,ആരാണ്?നീ എന്നെ ഇത്ര പെട്ടെന്ന് മറന്നോ,ഞാൻ നിന്റെ കാമുകനായിരുന്നു പണ്ട്-വിമൽ മറന്നോ?.
പേരുകേട്ടപ്പോൾ ഫോൺ അവിടെ വെച്ച് അവവ്വ ഉറക്കെ കരഞ്ഞു.ഇനി ജീവിച്ചിരുന്നിട്ട് കാര്യമില്ല.അവൻ ഇനിയും തന്നെ വിളിക്കും,അവൻ ഒരു പിശാചാണ്.അവൾ എല്ലാം അവസാനിപ്പിക്കാൻ തിരുമാനിച്ചു.
പിറ്റെ ദിവസം രാവിലെ, ആ ജെനി ഇന്നു നേരത്തേ എഴുന്നേറ്റോ,അത്ഭുതം തന്നെ. അമ്മ റൂമിലേക്ക് ചെന്നു.ജെനി ബാത്ത്റൂമിന്റെ വാതിലും തുറന്ന നിലയിലായിരുന്നു.ഓ,തുടങ്ങി മഴ പെയ്ത്.
ജെനി നീ എന്താ ഈ ബാത്ത്റൂമിന്റെ വാതിൽ തുറന്നാണോ ഉള്ളിൽ കയറിയത്? മോളെ ജെനി.......ബാത്ത്റൂമിൽ നിറയെ രക്തം!!.
അമ്മ ഉറക്കെ നിലവിളിച്ചു.തന്റെ മകൾ ചേതനയറ്റു കിടക്കുന്നു. ലീനയുടെ ഫോണിലേക്കൊരു കോൾ വന്നു.
ഹലോ,നമ്മുടെ ജെനി.....!!!.സന്തോഷവും തമാശയും നിറഞ്ഞ വീട്ടിൽ ഇന്ന് കണ്ണുനീരിന്റെ മഴയാണ്.തോരാതെ പെയ്യുന്ന മഴ....



# RIDDLES

* Mother is in thorns and stones, daughter is in a marriage function- Plantain
* Mother is rough and tough , daughter is soft and grandmother is a diamond – Jackfruit
*Son touched his mother and died- Matchbox
*A pot which has no lid recures always water – Well
*One belt for thousand kids- Mop
*Shadow to stay for an elephant but no leaf to pack- Mustard
* Blind pig in dark forest – Lice
*Leaf like mat and stem like pillar-  Plantain
*Some where bomb blasted and some where umbrella opened – Thunder
* Small one, but he makes to weep children- chilly

-Nihala Fathima

# പി എൻ പണിക്കർ

**കേരളത്തിൽ ഗ്രന്ഥശാല പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് പി എൻ പണിക്കറാണ്. പി എൻ പണിക്കറുടെ ഓർമ്മക്കാണ് വായനാദിനം ആചരിക്കുന്നത്. 1995 ജൂൺ 19 നാണ് പി എൻ പണിക്കർ അന്തരിച്ചത്. ആദിവസം മുതലാണ് നാം വായനാദിനം ആചരിക്കുന്നത്. വായനയുടെ വളർത്തഛനാണ് ഇദ്ദേഹം.**

**നിലം പേരൂർ പൊതുവായിൽ ഗോവിന്ദൻ പിള്ളയുടെയു, ജാനകി പിള്ളയുടെയും മകനാണ് പി എൻ പണിക്കർ. വിദ്യാഭ്യാസത്തിനു ശേഷം അധ്യാപക പ്രവൃത്തിയിൽ ചേർന്ന പണിക്കർ നിരന്തര വിർമാര്ജ്ജന പ്രവൃത്തനത്തിനായി തന്റെ ജീവിതം ഉഴിഞ്ഞു വച്ചു.**

***വായിച്ചു വളരുക എന്ന തത്വം പ്രാവർത്തികമാക്കാൻ കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഇറങ്ങിച്ചെന്ന് ഗ്രന്ഥ ശാലകൾ രൂപീകരിക്കുന്നതിന് തുടക്കമിട്ടു. ഗ്രന്ഥശാലകൾ അറിവിന്റെയും ആരാധനയുടെയും സാംസ്കാരിക ഉന്നമനത്തിന്റെയും പ്രതീകങ്ങളാണെന്ന് നിരന്തരം അഹ്വാനം ചെയ്ത പി എൻ പണിക്കർ ഗാന്ധിയൻ വിശ്വാസത്തിലൂടെ അതിനു വേണ്ടി വളരെയധികം പ്രയത്നിക്കുകയും ചെയ്തു.***

# മഴ

വേനൽ കാലം കടന്നു പോയി

മേഘം ഇരുണ്ടുകൂടി അങ്ങകലെ.....

കിഴക്കു നിന്നും ഇടിവെട്ടും മിന്നലും

കടന്നു പോവുന്നു.........

പിഞ്ചോമനക്കുഞ്ഞ് അമ്മയുടെ സാരിത്തുമ്പിൽ

പിടിച്ചുകൊണ്ടവൻ തുള്ളിച്ചാടി

ആർത്തുകൂവുന്നു.

അമ്മേ അതാ മഴത്തുള്ളികൾ പെയ്യുന്നു

മനസ്സിന് കുളിർമ്മയേകിക്കൊണ്ട്

ആർത്ത് ഇരമ്പിപ്പെയ്തു..

**മാളവിക VIIIG**

## മഴയുടെ ചുംബനം

രാവിന്റെ മാറത്ത് നിഴലായ്

പൊഴിയുന്ന സന്തോഷമാണെൻ മഴ

തളിർ നിലാമെത്തയിൽ

ഭൂമിതൻ മാസ്മരിക-

ലോകത്ത് ചുംബിച്ചുറങ്ങുന്ന

വെണ്ണീർ മുത്താണിന്നെൻ മഴ

മേഘപാളികൾക്കിടയിലൂടടർന്നു വീഴുമ്പോൾ

നിലക്കാത്ത ഓർമ്മതൻ

വെൺനൂലിൽ ഊർന്നു വീണെരി

മായാത്ത സാന്ത്വനമാണെൻ മഴ

ഇനിയുമൊരു വട്ടം നിൻ

വരവിനായ് ഞാനിതാ

കാതോർത്തു നിൽക്കുന്നു

ജനൽ പാളിതൻ അരികെ...

*നജ മെഹറിൻ VIIIG*

# Song of nature

Hiba Riyan 10 A

At those days, it glows my face
like the beauty of maze
It blows through the sky
And catch my minds very high

All the things ran to my mind
It makes me very kind
All the memories blow like a breeze
and it makes my mind to peace

The ponds and trees in my house
call me once more to play there
I could hear the voices of my soul
as like the wind, blooming flowers

I call these things as my shadow
And its all call me as their soul
Wherever I, they could hear me
Wherever they, I could hear them

Above the sky over the clouds
I sat there like an angel
And I could walk through my house
like a dove sail
Every body calls me and my memories
But all have been blown through the wind
And I could see all these things
over the sky in the heaven

# Explored Days: Can you come back

Ridha Fathima 10 A

Unforgettable moments in my life
Sweet memories which can’t be back
the exploring moments which can’t be imagined
whole time passed by thrilling adventures
Can’t be explained,the only way
to understand is experiencing.
Everyone has childhood the excellent time
we’ll wish and wish for that time to comeback, but it do not.
The time we do not understand what world is
and the only fear was school
What we understand is less at that time,
and what we love is playing.
The time everyone gets heart full of love
towards nature. Knowing nature, and occuring knowledge
through nature
The innocent time of child called childhood.
A heap of love towards my childhood
memories of my childhood is unexplainable.
Feeling which can’t be rubbed from our mind,
those feelings linked with emotions.
The time is full of fun and crazy
the exploring memories ever everyone had....
the time even our shadow enjoys.
In a great fear of school,
loud roaring and crying in morning
In a great love playing
loud roaring and crying allow to play.
Please can you come back one more time,
at least one more time,
always miss my childhood and its memories.

# ഏകാന്തത

എല്ലാരും പിരിയുന്ന
എല്ലാം എടുക്കുന്ന
ഏകനായ് ഞാൻ മാത്രം
വീട്ടിലൊരു മൂലയിൽ

കൂട്ടിനായ് ആരുമില്ല
പ്രാർഥനയല്ലാതെ മറ്റൊന്നുമില്ല
ഒടുവിൽ ഞാൻ മാത്രം
ഒറ്റയാകുന്നു..

ചിന്തകൾ പെരുകുന്ന
ഓർക്കുവാനായി ആരുമില്ല
മുറ്റത്തെ മരവും പൂവുമല്ലാതെ
മറ്റൊന്നും കൂട്ടിനുമില്ലതാനും

ഒറ്റയ്ക്ക് ഭക്ഷണം കഴിക്കുമ്പോഴെപ്പോഴും
കൂട്ടിനായ് ആരുമില്ലല്ലോ
ഒരു പക്ഷി ആണെങ്കിൽ , ഏകനാവില്ലല്ലോ
ഒരിക്കലും ഒരിക്കലും ...

രാവിലെ എഴുന്നേൽക്കും
കർമ്മങ്ങങ്ങൾ ചെയ്യും
രാത്രിയാവുമ്പോൾ



ഉറങ്ങുകയും ...

മറ്റൊരു ജോലിയോ
കൂലിയോ ഇല്ലാതെ
ഏകനായ് ഞാൻ മാത്രം
ഒരു മൂലയിൽ

ഏകനായ് ജീവിക്ക -
യല്ലാതെ വിധിയില്ലാ
കൂട്ടിന് ആരുമില്ലാതെയാ -
ണൊരു ജീവിതം

# കഥകളി

കേരളത്തിലെ തനതായ ദൃശ്യ കലാരൂപമാണ് കഥകളി. രാമനാട്ടം എന്ന കഥ പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയിലെ വേഷങ്ങളെ പ്രധാനമായും പച്ച ,കത്തി,കരി,താടി, മിനുക്ക് എന്നിങ്ങനെ തരംതിരിക്കാം. ക്ഷേത്ര സന്നിധികളിലും മറ്റും രാത്രിയിലാണ് കഥകളി അവതരിപ്പിക്കപ്പെടുന്നത്. കഥകളിയുടെ സാഹിത്യ രൂപമാണ് ആട്ടക്കഥ.കേരളത്തിലെ ഒരു നാട്യകലയായ കഥകളിയെ സർവ്വദാരണീയമായ ഒരു ദൃശ്യകലയാക്കിമാറ്റിയത് കോട്ടയം കേരളവർമ്മ തമ്പുരാനാണ്. കഥയെ അടിസ്ഥാനമാക്കി കളിക്കുന്നത് എന്ന അർ ത്ഥത്തിലാണ് കഥകളി എന്ന് പറയുന്നത്.

**ഫിദ ഫാത്തിമ**

*8 G*

# TARQUIN THE WONDER HORSE

June crebbin is a great author in the field of poetry and literature. She was a primary school teacher before taking reteirement to concentrate on her writing she is the author of number of books including emmelina and the monster the curse of the skull and several volumes of verse.

A horse is the protagonist in this story named 'tarquin-The wonder horse'.Tarquin that was the horse name. This horse has amazing powers.He can talk,breath fire times when his special magic become trouble. He was weary of travelling in home.While returning, he saw a farmer who was searching for a strong worker. tarquin decided to grab that change of a strong worker. His work day was long and hard but in quite evening,he enjoyed the company of a grey mouse.Tarquin explained about his amazing power to it. The farmer was all hearing these stories behind the trees. The super speciality of tarquin was that if any person pull a strand of his mane and speak his/her desire or wish,it will become true.This secret of magic was heard by the farmer. He trembled with excitement .In the next morning,farmer mixed some special herbs into his food. When Tarquin ate this,he felt drowsiness and he slumped to the floor. The farmer pulled and pulled
the whole mane. He took a single piece of strand and wished for a piece of gold. Once the hair is changed full of strand and wished for million pieces of gold. Drops of gold pieces pocked down the floor. When Tarquin became concious, he understood the thing and left that area. At night, gelda queen noticed the tarquin. Gelda ordered her armies to catched him. At 7'o clock,gelda announced all people to assemble in dwace theatre she though to introduce tarquin infrond of them all. On the stage, Tarquin showed his fire magic. Alas! The fire started
blowing though the spectators and the music band on the stage. Tarquin run away. There after, he took
a decision. That was 'NO MORE GETTING MIXED UP WITH PEOPLE'. This decision made his life there after
simple and humble.

Alinshan A.R 10-B

# PRIDE AND PREJUDICE

The book 'pride and prejudice' is written by Jane Austen . The character in the story is Elizabeth Bennet . She was very clever and proud of her ability to judge other people . 'Janne Bennet' The elder and in love . 'Mr. Daisy' is worthy and good-looking Mr Daisy is is surely a perfect husband for any young lady 'Mr Bingley' is handsome, tech and easy going .'Lidia Bannet' is Elizebath's younger sister. 'Mr wickham' is charming, and tells a sad story . Elizabeth didn't believe him. 'Mr Bennet' is desparate for her daughter too many well. But her judgement is some what lacking is her husband . These are all the characters and the character sketch of the story.

This classic story of 'pride and prejudice' is a retelling of Jane Austen's magnificent work. The story is very nice . Jane Austen only tell us the truth about Mr Wickham in Mr Daisy's letter, after the proposal, Mrs Bennet actually have to more doughters. Mr Bennet's estate will eventuall , beinherited by a male cousin. Mr collins, therefore understand anxiously her daughters to marry well before she and Mr Bennet die. Mr collin is a foolish energy man .He offers to marry elizebath who refuses soon after. He proposes elizabaht's friend charlot telluce, having no other prospect of marriage accepts. Mr Daicy's house keeper speaks very carmly to her master. The story is about waikh man and lydias emplement.

Sneha S Kumar 10-B

# പടുത്തുയർത്താം നവകേരളം

വിശ്വസിക്കാൻ കഴിയാത്ത ഒരു ദുരന്തത്തിന് സാക്ഷ്യം വഹിച്ച സംസ്ഥാനമാണ് നമ്മുടെ കേരളം. കഴിഞ്ഞ വർഷവും ഈ വർഷവും കേരളം ഒരു ദുരിതക്കടലായി. തീരാത്ത ദുരിതങ്ങളുമായി ഇനിയും ഒരുപാട് ഒരുപാട് പേർ.

കഴിഞ്ഞതിൽനിന്നും തികച്ചും കേരളം മുക്തമായിട്ടില്ല. വീണ്ടും ഇത് ആവർത്തിച്ചു. ഒരുപാട് പേർ നമ്മോട് വിടപറഞ്ഞു. ഈ പ്രളയം മനുഷ്യനെ സൗഹൃദമായി കൂട്ടിക്കെട്ടി. ആണും പെണ്ണും കൈകോർത്തു, പണക്കാരൻ പാവപ്പെട്ടവൻ എന്നില്ലാതെ എല്ലാവരും ഒന്നിച്ചു. ദുരന്തങ്ങളെ മറികടന്നു. അലറിപ്പാഞ്ഞൊഴുകിയ നദികൾ വീട് സന്ദർശനവും ചിലരെ വിളിച്ചോണ്ടുപോവുകയും ചെയ്തു. ഒരു ജാതി, ഒരു മതം, ഒരു ദൈവം ഈ ആശയമ തികച്ചും വ്യക്തമായി. വീടുകളിൽ തളം കെട്ടി  നിന്ന വെള്ളത്തിൽ നിന്നും നമ്മൾ അവരെ രക്ഷിച്ചു. അതി സാഹസികമായി ദുരൂഹക്കൂട്ടുക്കളിൽ നിന്നും കേരളത്തെ രക്ഷിക്കാൻ ജനങ്ങൾ ഒഴുകിയെത്തി. അന്യസംസ്ഥാനങ്ങളിൽനിന്നുപോലും സഹായങ്ങളും സേവനങ്ങളുമെത്തി. അതിതീവ്രമായ രക്ഷാ പ്രവർത്തനത്തിനിടയിൽ ജനങ്ങൾ മറ്റുള്ളവർക്കുവേണ്ടി ബലിയർപ്പിച്ചു. ഒരു പ്രതീക്ഷയോടെ കേരളം പ്രളയത്തെ വരവേറ്റു. പ്രളയം എന്ന കടമ്പയെ കേരളം തോൽപ്പിച്ചു.

ഈ പ്രളയം മനുഷ്യനെ ഒന്നു പഠിപ്പിച്ചു. എത്ര സമൃദ്ധിയുണ്ടായിട്ടും കാര്യമില്ല. എത്ര വലിയവമനായിട്ടും കാര്യമില്ല. ഒരു തിരമാല വന്നാൽ എല്ലാം അപ്രത്യക്ഷമാകും. വീട്ടിൽ എ സി റൂമിൽ ഉറങ്ങുന്ന നമുക്ക് ഇന്ന് ദുരിതമുണ്ടായില്ല. ഉരു പുസ്തകത്തിൽ നിന്ന് കിട്ടുന്നതിനേക്കാൾ കരുത്തുള്ള അറിവാണ് നമുക്ക് പ്രകൃതി തന്ന പാഠം. നമുക്കൊരു ദിവസം വീട്ടിൽ വൈദ്യുതിയില്ലെങ്കിൽപ്പോലും ദേഷ്യം പിടിക്കും. പക്ഷെ ഇന്ന് ജീവൻ പോലും വെള്ളം കൊണ്ടുപോയി. കേരലത്തെ ഒരു

പ്രകൃതിദുരന്ത ഭൂമികയായി നാം വിശ്വസിച്ചിരുന്നില്ല. മുങ്ങിപ്പോയ കേരളത്തെ കൈപിടിച്ചുയർത്തിയത് നമ്മളാണ്. സിമന്റും കല്ലും കൊണ്ട് വീടിണ്ടാക്കുന്നത്പോലെ സഹായങ്ങളും സേവനങ്ങളുമായി നാം കേരളത്തെ പണിതു. പ്രകൃതി പറയുന്നത് മനുഷ്യരൊന്നും പഠിച്ചിട്ടില്ല എന്നാണ്. തിരമാലയിൽ അകപ്പെട്ട ഒരാളെ നാം കൈപിടിച്ചുയർത്തുന്നതുപോലെ കേരളത്തെ കൈപിടിച്ചുയർത്തി.

ആയിരക്കണക്കിന് ക്യാമ്പുകളാണ് പ്രളയത്തിൽ കേരളം ഒരുക്കിയത്. അവിടെ സേവനങ്ങളുടെ പുഴയായിരുന്നു. ആർത്തിരമ്പികക്കരഞ്ഞ കേരളത്തെ നമ്മൾ രക്ഷിച്ചു.ഒറ്റക്കല്ല, ഒറ്റക്കെട്ടായി.

നമുക്കറിയാം വേനൽക്കാലത്ത് നാം മഴക്കുവേണ്ടി പ്രാർത്ഥിക്കും. എന്നാൽ മഴക്കാലത്ത് മഴയെ നാം വെറുക്കും . വിണ്ടുമൊരു പ്രളയം ഉണ്ടായാലും അതിനെ കേരലം ഒരു വെല്ലുവിളിയായി സ്വീകരിക്കും. പ്രളയം എന്ന കടമ്പ മറികടക്കും. നാം എല്ലാവരും ചിന്തിച്ച ഒരു ചോദ്യമുണ്ടാകും. എന്തുകൊണ്ടാണ് കേരളം ആവർത്തിച്ച് പ്രളയദുരന്തങ്ങൾക്ക് സാക്ഷിയായത് എന്ന്. പ്രളയദുരന്തങ്ങൾക്ക് മറുപടി മനുഷ്യനാണ് നൽകേണ്ടത്. മനുഷ്യൻ ചെയ്ത ദ്രോഹങ്ങൾക്ക് പ്രകൃതി തന്ന മറുപടിയാണിത്. പ്രകൃതി ദുരന്തങ്ങളിൽ കേരലം മുക്തമാക്കിയത് കേരളത്തിലെ ജനങ്ങൾ തന്നെ പക്ഷെ അതിന് കാരണവും മനുഷ്യൻ തന്നെയാണ്. നമ്മുടെ വീട്ടിലെ പലതിനേയും ജീവനേയും വെള്ളം കൊണ്ടുപോയി. നമ്മൾ പ്രകൃതിയിലേക്ക് വലിച്ചെറിഞ്ഞ പ്ലാസ്റ്റിക്ക് പോലുള്ള അവശിഷ്ടഹ്ങൾ നമ്മുടെ അടുത്ത് അടിഞ്ഞുകൂടി. കഴിഞ്ഞ വർഷവും ഈ വർഷവും നടന്ന ദുരന്തങ്ങളിൽ അന്വേഷിച്ചപ്പോൾ മനസ്സിലായത് വനങ്ങളുടെയും കൃഷിയുടെയും കുറവാണ് എന്നതാണ്. കവളപ്പാറയിലും പുത്തുമലയിലും ദുരന്തങ്ങൾ നടന്നു, അതിലും അന്വേഷിച്ചപ്പോൾ കിട്ടിയ റിപ്പോർട്ട് ഹരിതവനങ്ങളുടെ അമിതമായ നാശം എന്നതാണ്. കേരളത്തിൽത്തന്നെ ഒരുപാട് ക്വാറികൾ പ്രവർത്തിച്ചുവരുന്നു. ക്വാറികളിൽനിന്നും അമിതമായ പ്രകൃതിക്ക് ദോഷം ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്.

ഇതുകൊണ്ടൊക്കെയാണ് കേരളം ഒരു ദുരന്തബാധിത പ്രദേശമായത്.കേരളം ഒരു കൊച്ചു സ്വർഗ്ഗമാണ് എന്ന് എല്ലാവർക്കുമറിയാം. ഭംഗികൾ, മനോഹരമായ കാഴ്ചകൾ, വികസനങ്ങൾ, പാലങ്ങൾ എല്ലാം ഒരു നിമിഷംകൊണ്ട് ഒലിച്ചുപോയി.

സർക്കാർ കേരളത്തിന്റെ വികസനത്തിനായി ഒരുപാട് പദ്ധതികൾ നടപ്പിലാക്കുന്നു. ആധുനിക പാലങ്ങൾ, ഒരുപാട് പുതിയ സംഘാടകർ അങ്ങനെ ഒരുപാട് ... ക്യാമ്പുകളിലക്ക് സഹായമെത്തിച്ച നിരവധി പേരുണ്ട്, എണ്ണിയാൽ തീരില്ല. നൗഷാദ് എന്ന വ്യാപാരി തന്റെ കടയിലെ മുഴുവൻ വസ്തുങ്ങളും ദുരിതമനുഭവിക്കുന്നവർക്ക് നൽകി.

കേരളത്തിൽ ആവർത്തിക്കുന്ന പ്രളയ ദുരന്തങ്ങൾക്കുത്തരം നൽകേണ്ടത് മനുഷ്യനാണ്. ഇനിയും ഒരു പ്രളയത്തിന് ഇടവരുത്തരുത്. പ്രകൃതിയോടുള്ള ക്രൂരതകൾ നിർത്തുക, നാം ഈ പ്രകൃതിയെ വിവേകപരമായി ഉപയോഗിച്ച് നാളത്തെ തലമുറയ്ക്ക് കൈമാറണം. പ്രകൃതിസംരക്ഷണം മനുഷ്യന്റെ മുഖ്യകടമകളിൽ ഒന്നായി എടുത്തേ മതിയാകു ......

പ്രളയദുരന്തങ്ങളിൽനിന്ന് കേരളത്തിനൊരു പുനർ ജന്മം . നവകേരളത്തിനായി നമുക്ക് പ്രാർത്ഥിക്കാം... ദുരന്തങ്ങളിൽ അകപ്പെട്ട ഇപ്പോഴുംതീരാ ദ്ദിരന്തങ്ങൾ അനുഭവിക്കുന്ന മനുഷ്യർക്കുവേണ്ടി സഹായങ്ങളും സേവനങ്ങളും നൽകുകയും പ്രാർത്ഥിക്കുകയും ചെയ്യാം.....

**ഫിദ ഫാത്തിമ 9 G**



# THE BOND BETWEEN MAN AND THE NATURE

Man is a social animal in This World. As We all know,There is a great relation ship or bond between Man and The nature.
The nature is always kind to man. she fulfills the man's need up to the earth's core. The mother nature provides the men wood, paper, fruits, vegetables, shade etc. But now a days, the mother nature is being destroyed due to man power. it is being depleted very much by man's rude behaviour. some of them are like polluting the nature in various ways, cutting trees or deforestation etc. Man and its resources is being developed day by day. Man builds factories, buildings , apartments etc by cutting trees. when all the trees get destroyed that may cause global warming , soil erosion and ozone layer depletion. These calamities is abundantly being effected by only the Man. Man does not realize the side effect when it destroys the nature. But there are some kind people in this world who protect the mother nature by watering plants, planting trees [afforestodion] and finally by conserving the nature.
The bond between man and nature is literally worthless. Man should conserve the nature because he must be thankful to what the nature does.



Therefore,the intimacy or the bond between the mother nature and the man is really strong. No one can break up that bond. Nowadays,man always act arrogantly and rudely to the nature. But nature is always helping the man to the core. There are many literal pieces about nature in the field of English literature. Many poets and poetess writes about nature. so,we human should under stand the value of nature. In olden days, people was really in treated with the nature. Their shelter it self was the nature,at that time,education was not there for most of the people. Obviously, they do not destroy the nature to the maximum level.

So,we human should also under stand the feelings or the values of nature. If nature is being washed off,the man won't be alive. His life would be pathetic and miserable. Thus,we should save and conserve nature.

Fathima Rahana-10 B



കഥ

# മനുഷ്യന്റെ മനസ്സ്

*റിൻഷ സനം*

‘ഈ വേനൽ മഴ എങ്ങനെ അവസാനിച്ചു എന്നെനിക്കറിയില്ല.ഓരോ നിമിഷവും ഓരോതുള്ളിയിലും നിന്റെ സ്പർശനമായിരുന്നു ഞാൻ അനുഭവിച്ചിരുന്നത്.നീ എന്നെക്കുറിച്ചോർത്തോ എന്നെനിക്കറിയില്ല.എന്നാലും എനിക്ക് നിന്നെ ഓർക്കാതിരിക്കാനാവില്ല.’

ഇതായിരുന്നു അവളുടെ ആ കത്തിന്റെ ഉള്ളടക്കം.അവൾ എത്രമാത്രം മനുവുമായി അടുപ്പമാണെന്ന് നാട്ടുകാർക്കുകൂടി അറിയാം.എന്നാൽ,ചില ദിവസങ്ങൾക്കു മുമ്പ് അവൻ അവളോട് ചെയ്തത് ഒരു ക്രൂരത തന്നെയായിരുന്നു. അവനെ കണ്ടത് ആദ്യം എവിടെ വെച്ചെന്ന് ആലോചിക്കാൻ തുടങ്ങി. ‘ജൂനിയർ ആണെന്ന് കരുതി തരം താഴ്ത്തി മറ്റുള്ളവരുടെ മുമ്പിൽ നിന്ന് സംസാരിച്ചത് ഒടുവിൽ സീനിയറാണെന്ന് തെളിവൊന്നും കാണിക്കാതെ ഒരു പുഞ്ചിരിയും കൊണ്ടങ്ങ് പോയി.

‘അത് സീനിയറാ..’ ആരുടേയോ വാക്കുകൾ അവളുടെ കാതിലെത്തി.കുറ്റബോധം കൊണ്ടവനെ തിരഞ്ഞ് കണ്ടുപിടിച്ചു.പിന്നീട് അതൊരു സൗഹ്ർദമായി....തമ്മിലുള്ള പ്രണയം തുറന്നു പറയാതെ കണ്ണുകളിൽ നോക്കി അവർ മനസ്സിലാക്കി.ആ വാർത്ത ഇരുവരുടെയും വീട്ടിലുമെത്തി.തമ്മിൽ പിരിഞ്ഞാലോ എന്ന് ചോദിച്ച  അവളോട് പിരിയാനാണെങ്കി പിന്നെന്തിനാ തമ്മിലടുത്തത് എന്ന ചോദ്യത്തിന് അവൾക്കൊന്നും മറുപടി നൽകാനായില്ല. പെട്ടെന്ന് ഏതോ ലോകത്തിൽ നിന്ന് വന്നപോലെ പേപ്പർ എടുത്ത് തുണ്ടുതുണ്ടാക്കി ശേഷം അവൾ എടുത്തെറിഞ്ഞു.അവക്കെന്തു പറ്റി എന്ന് അവൾക്കു തന്നെയറിയില്ല.പക്ഷേ,മനുവിന്റെ ഭാവമാറ്റം അവളെ നന്നേ ബാധിച്ചിട്ടുണ്ട്.അവൾക്കവനെ കാണുന്നത് പോലും വെറുപ്പാമയി തോന്നി.കോളേജിൽ പോയപ്പോൾ അവിടെ അവളെ വരവേൽക്കാൻ അവനും

അവന്റെ പുതിയ കാമുകിയും ഉണ്ടായിരുന്നു.മനസ്സ് മരവിച്ചവളെ പോലെ ഒരു മഴ പെയ്തിരുന്നെങ്കിൽ തന്റെ കണ്ണീർ ആരും കാണില്ലല്ലോ എന്നവൾ ആശിച്ചു.വിളിക്കല്ലേ എന്ന് വിചാരിച്ച അവൾ പിറകിൽ നിന്നൊരു ശബ്ദം കേട്ടു.

"അമ്മൂ..."തിരിഞ്ഞു നോക്കിയപ്പോൾ അത് അവലായിരിന്നില്ല.അവന്റെ കാമുകിയും അവളുടെ സഹോദരിയുമായ ഗീതുവായിരുന്നു.

"ഇതെന്റെ പുതിയ ബോയ് ഫ്രണ്ടാണ്.നിനക്ക് ഇഷ്ടമായോ അമ്മൂ?"

"നീ സെലക്ട് ചെയ്തിട്ടാണോ എന്നോട് അഭിപ്രായം ചോദിക്കുന്നേ?"

"സോറി അമ്മൂ.അതിനെക്കുറിച്ചൊന്നും ചോദിക്കരുത്.കുറച്ച്ദിവസമായി പിറകെ നടക്കുന്നു.നിരാശനാക്കണ്ട എന്നു കരുതി.മാത്രമല്ല,മുഖം കണ്ടിട്ട് പാവം തോന്നുന്നു."

"എന്തൊരു പാവം!തന്നെ ചതിച്ച് തന്റെ മുമ്പിൽ മറ്റൊരു പെണ്ണുമായ് നിൽക്കുന്ന മാന്യൻ....ഗീതു, അത്രക്കങ്ങോട്ട് വിശ്വസിക്കണ്ട. മനുഷ്യനാ,ഓന്തിനേക്കാൾ വേഗം നിറംമാറുന്ന ജീവി."

ഈ വാക്കുകൾ അവൻ പ്രതീക്ഷിച്ചിരുന്നില്ല.

"ആട്ടെ,വേനൽമഴ എങ്ങെനെയുണ്ടായിരുന്നു?"

"ചിലരെയൊക്കെ വെറുതെ ഓർത്ത് മനസ്സ് മരവിച്ചു.അല്ലെങ്കിലും മനസ്സിനറിയില്ലല്ലോ അവർക്ക് നമ്മളെ വേണ്ടാന്ന്."

"അല്ല,നിനക്കിവളെ പരിചയപ്പെടുത്തിയിട്ടില്ലല്ലോ."

"എനിക്കറിയാം...."

"എങ്ങനെയറിയാം?"

"അത്....ഈ കോളേജിലല്ലേ?"

"ഈ കോളേജിലുള്ള എല്ലാവരേയും നിനക്കറിയാമോ?"

"നിനക്കിപ്പം എന്താ പ്രശ്നം?"

"ഏത് പെൺകുട്ടിയെ കാണിച്ചാലും നിനക്കവരെ ആദ്യമേ അറിയാമോ?"

"ആ....ശരിയാ....എനിക്കെല്ലാ പെൺകുട്ടികളെയും അറിയാം.നീയാരാ എന്റെ കാര്യത്തിൽ ഇടപെടാൻ?"

"അപ്പം ഞൻ നിന്റെ ആരുമല്ലേ?"
അമ്മുവിന് ഇതൊന്നും മനസ്സിലായില്ല. പക്ഷെ, തന്റെ ജീവിതത്തിൽനടന്നതും ഇതു തന്നെയല്ലേ എന്ന് മനസ്സിലൊന്ന് ആലോചിച്ചു.അവളുടെ ശബ്ദം കേൾക്കാതിരിക്കാൻ അവൾ തിരിഞ്ഞു നടന്നു. ഈ ഭ്രാന്തനെ വേണ്ടിയാണോ ഈ മഴയിൽ ഞാൻ കാത്തിരുന്നത് എന്നോർത്ത് സ്വയം ലജ്ജ തോന്നി.പിന്നീട് സ്നേഹമെന്തൊരു കളവായ വാക്കാണെന്നവൾ വിചാരിച്ചു.സ്നേഹം എന്തൊരു വേദനയുടെ പ്രതീകമാണ്.മനുഷ്യനെന്തിനാണ് ശരീരം നോക്കി സ്നേഹിക്കുന്നത്. തന്റെ ജീവിതം മറ്റുള്ളവർക്ക് ഉപദേശമാക്കാൻ അവൾ തീരുമാനിച്ചു.

പ്രേമം എന്തൊരു കാര്യമില്ലാത്ത കാര്യമാണെന്ന് ചിന്തിച്ചു ചിന്തിച്ചു നടന്നത് ഒരു ട്രാക്കിന്റെ മുമ്പിലാണെന്നും ആ തീവണ്ടി തന്റെ കഥ കഴിക്കുമെന്നും അവൾ അറിഞ്ഞിരുന്നില്ല.....ഇത് സ്നേഹം കൊണ്ട് കിട്ടിയ സമ്മാനമാണെന്ന് മാത്രമേ അവൾക്ക് അവളുടെ അവസാനശ്വാസത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുള്ളൂ...സാഹചര്യം മാറുന്നതിനനുസരിച്ച് മാറാൻ കഴിയുന്ന ജീവി മനുഷ്യനാണെന്നും.....പിന്നീടവൾക്ക് എന്ത് സംഭവിച്ചു?



# Nature: human soul

Nature is a great world with peace as soul,its a bond of love. It includes all the create and nonliving thing. As human being, we are also a part of nature. In short, we create the nature's outline. Co-exist with co-operation, an outcome of blameless love make unbeatable bond among creatures. All of us depend on others. To run our rite .

There is no tight battle, was or even a squabble in the nature as a result of any issues. sparrows chirp, lion roars, These are not because of angry. Its an expression of their pleasure. Nature provide every thing with ought hoping any reward.

Our rite is a blessing of nature. The necessities tor our existence are given by nature. Food, shelters, even the oxygen we breath is also a gift of nature. Nature creates a deep harmony.

Now-a-days,we humans turned against nature .we became a doer of evil deeds .we did several atrocities against nature which has a share in our life. All of us are responsible. The problems are still continuing. Man works for wealth. His greed and selfishness make him violent. Its influences the broad, deep heart of nature and makes the nature.



Active with a spirit of revenge for nature, Humans might be a shade of cruelties.

We should recognize the role of nature along with all other business. It we recede to the utmost deck of nature, we can feel a strange kind of endless pleasure. we are greatly related to nature……………………….

Our works which affect the nature inversely are sins. Its our god given right to make nature useful, not a possession.

Our draining and looking exceeded the permissible limit. This make obstruction in the like of our future generation, their existence.

We can effectively utilize nature. Along with it, we must co-operate with it and try to consider as a mother. Yes, Nature is our mother, a source of uncontrollable love, relief, peace, every thing.

We should respond to the activities that drain our nature, and should conserve our nature. It make the harmony or the bond between nature and human the most unbreakable.



# Childhood memories



saja farha 8 c

How sweet was my childhood
I wish it would come again
freely flying like a bird
no one to irritate me
and no one to compel me
oh! how beautiful was my childhood!
My first day at school,
I went with my mom
My first guide
and when she left me
I felt lonely at that world
there many of my age
but I haven’t seen up to this time
and I started to weep with loneliness
and my teacher consoled me
oh ! How lovely my childhood
I got friends day by day
and enemies more than that
but enemies change into best friends in minutes
dreams came out my mind
I like the flowers blooming
oh ! What a lovely time !

# A memorable Gift

He was very sad, when He was going you his home from school. He thinks about his situation He can't eat anything when he remembers about the programme at his school. His mind tired with tears. His mother asked about his problem. He said his problem to his mother. cutter two days the sports programme is starting . In this situation he can't participate in it. His mother console him. she said "I will give permission, don't cry,you can participate in the programme"

Gokul was a boy of 12 years .on the age of 7 he lost his right leg from an accident. He uses stretch to walk. He loved sports and liked to participate in running competition. His mother under stood his sadness.

On the second day,his mother said that he can participate in the programme. Winning or failing is not am issue, participation is the best Gokul Was very happy .He got participation card.

Day of sports programme came. Gokul Was very happy and he went to School for participate in the programme. Running started. Gokul also started running .He full for several times. But he did not give up .His mother was standing in the gallery. His mother encourage him to run .He ran and ran with his maximum strength with his one leg. at last he reach on the finishing time. He can't win . But when he reached on the finishing line he got a big sod of applause. All the peoples who stood on the gallery appreciate him. He got a special prize from school for his strength. Failure or should be am option. Then only we cam move forward. His mother was very happy to saw him. the prize he got from his school was a memorable Gift for him…..

Najila Thasnim:10:A

little KITEs






UNIT NO. LK/47029/2018









# അമ്മമാർക്കുള്ള പരിശീലനം




DIGITAL POOKKALAM




ONE DAY CAMP
ONE DAY CAMP



# IT QUIZ



ഇനി മടക്കം....

ഇത്രയെങ്കിലും ചെയ്തു എന്ന ചാരിതാർത്ഥ്യത്തിൽ...
ചിരാതുകൾ കെട്ടുപോകാതെ കാലം കാവലേൽപ്പിച്ച
തലമുറയുടെ ഉത്തരവാദിത്തങ്ങൾ ശിരസ്സാവഹിച്ച്...
ഇരുട്ടിന്റെ ഭയാനകതകളെ വെളിച്ചത്തിന്റെ വെള്ളി
രേഖകളാൽ തകർക്കാനാവുമെന്ന വിശ്വാസത്തിൽ
വെളിച്ചത്തിലേക്ക് വീണ്ടും ചുവടുവെച്ച്......

ജ്യോതിർഗമയ......





ജ്യോതിർഗമയ

*ghsspoonooremagazine*

## *GOVT, HIGHER SECONDARY SCHOOL, POONOOR*
## *A MODEL SCHOOL OF KOZHIKODE DISTRIC PANCHAYATH*

**Published by Little Kites, Ghss Poonoor, Unit No. LK/47029/2018**